## കേരളാ ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടറുടെ നടപടിക്രമ ഉത്തരവ്

ഹാജർ– പി. പ്രമോദ്

വിഷയം – ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് – കോവിഡ്19– വകുപ്പിലെ ഓഫീസർമാരുടെ പ്രവർത്തനം ക്രമീകരിക്കുന്നത് – ഉത്തരവ് പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

**ഉത്തരവ് നമ്പർ ഇ1–2600/2020/ഫാ& ബോ. തീയതി 18/04/2020**

പരാമർശം – 17/04/2020 ലെ സ.ഉ (സാധാ) നം. 78/2020/പൊ.ഭ.വ നമ്പർ ഉത്തരവ്

**ഉത്തരവ്**

രാജ്യമാകെ കോവിഡ്19 മഹാമാരിയെ തുടർന്ന് ലോക്ഡൗൺ പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളും പ്രവർത്തിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ മേൽ പരാമർശം ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരിക്കുന്നു. ടി. നിർദ്ദേക പ്രകാരം ക്ലാസ് 1, ക്ലാസ് 2 വിഭാഗങ്ങളിലെ മുഴുവൻ ജീവനക്കാരും, ക്ലാസ് 3, ക്ലാസ് 4 വിഭാഗങ്ങളിലെ 33% ജീവനക്കാരും താഴെ പറയുന്ന ദിവസങ്ങൾ മുതൽ ശനിയാഴ്ച്ച ഒഴികെയുള്ള പ്രവർത്തി ദിവസങ്ങളിൽ ഓഫീസുകളിൽ ഹാജരാകേണ്ടതാണ്.

| | |
|---|---|
| ഗ്രീൻ, ഓറഞ്ച്–ബി സോണുകളിൽ ഉൾപ്പെടുന്ന ജില്ലകളിലെ ഓഫീസുകൾ | ഏപ്രിൽ 20 മുതൽ പ്രവർത്തിക്കേണ്ടതാണ് |
| ഓറഞ്ച്–എ സോണിൽ ഉൾപ്പെടുന്ന ജില്ലകളിലെ ഓഫീസുകൾ | ഏപ്രിൽ 24 മുതൽ പ്രവർത്തിക്കേണ്ടതാണ് |
| റെഡ് സോണിൽ ഉൾപ്പെടുന്ന ജില്ലകളിലെ ഓഫീസുകൾ | മെയ് 3 മുതൽ പ്രവർത്തിക്കേണ്ടതാണ് |

**ഓഫീസുകളുടെ പ്രവർത്തനം സുഗമമായി നടക്കുന്നതിന് ഓഫീസർമാർ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.**

1. ഓഫീസുകളിൽ ഓരോ ദിവസവും ഹാജരാകേണ്ട ക്ലാസ് 3, ക്ലാസ് 4 വിഭാഗങ്ങളിലെ ജീവനക്കാരുടെ ക്രമീകരണ ഉത്തരവ് ഓഫീസ് തലവൻ പുറപ്പെടുവിക്കേണ്ടതും ആയതിന്റെ പകർപ്പ് കൺട്രോളിംഗ് ഓഫീസർക്കും ജോയിന്റ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ് .

2. ക്ലാസ് 1, ക്ലാസ് 2 വിഭാഗങ്ങളിലെ ജീവനക്കാർ ഓഫീസുകളിൽ ഹാജരാകാത്ത പക്ഷം ലീവ് അപേക്ഷ കൺട്രോളിംഗ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ് .
3. ക്ലാസ് 3, ക്ലാസ് 4 വിഭാഗങ്ങളിലെ ജീവനക്കാർ ഓഫീസുകളിൽ ഹാജരാകാത്ത പക്ഷം ലീവ് അപേക്ഷ ഓഫീസ് തലവന് സമർപ്പിക്കേണ്ടതാണ് .
4. ഓഫീസ് തലവൻ ഹാജരാകാത്ത സാഹചര്യത്തിൽ കൺട്രോളിംഗ് ഓഫീസർ ഓഫീസ് പ്രവർത്തനം സുഗമമായി നടക്കുന്നതിന് അവശ്യമായ ക്രമീകരണം ചെയ്യേണ്ടതാണ് .
5. എല്ലാ ജോയിന്റ് ഡയറക്ടർമാരും എല്ലാ വെള്ളിയാഴ്ചയും 4.00 മണിക്ക് മുമ്പായി ആ ആഴ്ചയിലെ ഓഫീസുകളുടെ പ്രവർത്തനം സംബന്ധിച്ച ക്രോഡീകരിച്ച റിപ്പോർട്ട് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ് .

**ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടർ**

സ്വീകർത്താവ്

1. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും
2. എല്ലാ ഇൻസ്പെക്ടർമാർക്കും
3. എല്ലാ അഡീഷണൽ ഇൻസ്പെക്ടർമാർക്കും
4. എല്ലാ കെമിക്കൽ ഇൻസ്പെക്ടർമാർക്കും

പകർപ്പ്

1. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
2. ഫിനാൻസ് ഓഫീസർ
3. എല്ലാ സീനിയർ സൂപ്രണ്ടുമാർ
4. സ്റ്റോക്ക് ഫയൽ
5. വെബ് സൈറ്റ്